# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1717.

12/06/2019 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിലേക്ക് സമർപ്പിച്ച നിർദ്ദേശങ്ങൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.<br>1. സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക മാറ്റങ്ങൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട്.<br>2. സംസ്ഥാന ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട്.<br>3. ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട്.<br>4. സംസ്ഥാന സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട്.<br>5. ടീച്ചർ എഡ്യൂക്കേഷൻ (4 വർഷം) ബി.എഡ് കരിക്കുലം പുന:സംഘാടനം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട്. |
| (ബി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ? | (ബി) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക് നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് 2019 ജൂൺ 1ന് ചേർന്ന ഓട്ടോണമി അപ്രൂവൽ കമ്മിറ്റി ചില ഭേദഗതികളോടെ അംഗീകരിച്ചു.<br><br>സംസ്ഥാന ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികളെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ടി ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചു. കൂടാതെ, ബിരുദങ്ങളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണാൻ സംസ്ഥാനത്ത് സ്റ്റേറ്റ് ലെവൽ അക്കാഡമിക് കമ്മിറ്റി (SLAC) രൂപീകരിച്ചു.

**സെക്ഷൻ ഓഫീസർ**